(സി) ഇതേക്കുറിച്ച് ശാസ്ത്രജ്ഞൻമാരെക്കൊണ്ട് അടിയന്തിരമായി ഒരു പഠനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി) കേരള കടൽത്തീരങ്ങളിൽ ഹൈപ്പവർ നാച്ചുറൽ റേഡിയേഷൻ കാരണം കാര്യമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നില്ല എന്ന് 2001-ലെ ഭാഭ അറ്റോമിക് റിസർച്ച് സെന്റർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

കൈത്തറി മേഖല നേരിടുന്ന പ്രതിസന്ധി

49 [3454] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനവധി പേർക്ക് തൊഴിൽ നൽകിയിരുന്ന കൈത്തറി മേഖല നിലനിർത്തുന്നതിൽ സർക്കാർ നടപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ, ബി) ഒൻപതാം പദ്ധതിക്കാലത്ത് നടപ്പാക്കിയ മിക്കവാറും എല്ലാ പദ്ധതികളും 10-ാം പദ്ധതിയിലും ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുപുറമെ കേന്ദ്രാവിഷ്കൃത പദ്ധതികളായ ദീൻദയാൽ കൈത്തറി വികസന പദ്ധതി, വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി, പരിശീലന വൈദഗ്ദ്ധ്യ വികസന പദ്ധതി, കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, അംശദാന സമ്പാദ്യ പദ്ധതി, ഉല്പന്ന വികസന വൈദഗ്ദ്ധ്യ ഉന്നമന പദ്ധതി, ഹെൽത്ത് പാക്കേജ് പദ്ധതി പണിശാലയോടു കൂടിയ ഭവനങ്ങളുടെ നിർമ്മാണ പദ്ധതി, മനോഹരമായ കൈത്തറി ഉല്പന്നങ്ങൾ കലാമൂല്യമുള്ള വസ്തുക്കളാക്കാനുള്ള പ്രോത്സാഹനം നൽകുന്ന പദ്ധതി എന്നിവ നടപ്പു സാമ്പത്തിക വർഷം നടപ്പാക്കി വരുന്നു.

കൈത്തറി സംഘങ്ങളിൽ നടന്ന തട്ടിപ്പിന് വിജിലൻസ് അന്വേഷണം

50 [3455] ശ്രീ. ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധിജി സ്മാരക കൈത്തറി സംഘം, ടി. 334, കട്ടച്ചൽകുഴി പി. ഒ., ബാലരാമപുരം വെസ്റ്റ് കൈത്തറി സംഘം, എച്ച്. 327, കുഴങ്ങരക്കോണം കൈത്തറി സംഘം, നമ്പർ 342, നരുവാമൂട് പി. ഒ., മംഗളോദയം കൈത്തറി സംഘം, എച്ച്. 125, കട്ടച്ചൽക്കുഴി പി. ഒ., കോഴോട് കൈത്തറി സംഘം, നമ്പർ 3567, താന്നിമൂട് പി. ഒ., പുരോഗമന കൈത്തറി സംഘം, നമ്പർ 3450, കട്ടച്ചൽക്കുഴി പി. ഒ., തിട്ടവേലിക്കര കൈത്തറി സംഘം, എച്ച്. 3369, ബാലരാമപുരം പി. ഒ., മംഗലത്തുകോണം കൈത്തറി സംഘം,

LIBRARY ARCHIVES Kerala Legislative Assembly